# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 2166**

**17-02-2016-ൽ മറുപടിക്ക്**

## വ്യവസായ പുരോഗതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജു എബ്രഹാം | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം സംസ്ഥാനത്തെ വ്യവസായ പുരോഗതിക്കായി നടപ്പാക്കിയ പദ്ധതികൾ എന്തൊക്കെ എന്ന് വിശദമാക്കാമോ ; | (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം സംസ്ഥാനത്തെ വ്യവസായ പുരോഗതിക്കായി വിവിധ ഏജൻസികൾ മുഖേന വ്യവസായ വകുപ്പ് നടപ്പാക്കിയ പരിപാടികൾ / പദ്ധതികൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) ജിം, എമർജിംഗ് കേരള, ബി റ്റു ബി മീറ്റ് എന്നിവ നടത്തിയതുവഴി സംസ്ഥാനത്ത് പുതുതായി ആരംഭിക്കാൻ കഴിഞ്ഞ വ്യവസായ സംരംഭങ്ങൾ ഏതൊക്കെ ; ഇതുവഴി എത്ര തൊഴിൽ അവസരങ്ങൾ പുതുതായി സൃഷ്ടിക്കാൻ കഴിഞ്ഞു ; എത്ര കോടി രൂപയാണ് ഇതുവഴി സംസ്ഥാനത്ത് നിക്ഷേപിക്കപ്പെട്ടതെന്ന് വ്യക്തമാക്കുമോ ; | (ബി) കൊച്ചിയിൽ നടന്ന 'ജിം' എന്ന സംരംഭത്തിന്റെ ഭാഗമായി ഏകദേശം 11,000 കോടി രൂപ മുതൽമുടക്ക് വരുന്ന 96 പദ്ധതികൾക്ക് വിവിധ വകുപ്പുകൾ ഒപ്പുവയ്ക്കുകയുായി. ഇതിൽ വ്യവസായ വകുപ്പിന് കീഴിൽ വരുന്നതു മാത്രമായി ഏകദേശം 339.70 കോടി രൂപ മുതൽ മുടക്കു വരുന്ന 19 പദ്ധതികൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ, 3354 തൊഴിലവസര ങ്ങളും സൃഷ്ടിച്ചിട്ടുണ്ട്.<br><br>എമർജിങ്ങ് കേരള സംഗമത്തിൽ വിവിധ വകുപ്പുകളുടെ കീഴിലായി 177 പദ്ധതി നിർദ്ദേശങ്ങളാണ് തുടക്കത്തിൽ ലഭിച്ചത്.<br><br>ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ അതത് വകുപ്പുകളിൽ നിന്നുള്ള പദ്ധതികളുടെ നിലവിലുള്ള സ്ഥിതി അവലോകനം<br><br>ചെയ്തതിന്റെ അടിസ്ഥാനത്തിൽ പുരോഗമിക്കുന്ന 56 പദ്ധതികളാണ് ഇപ്പോൾ നിലവിലുള്ളത്. വ്യവസായ വകുപ്പിന്റെ കീഴിലുള്ള 14 പദ്ധതികളുടെ ആകെ നിക്ഷേപം 23334 കോടി രൂപയാണ്. ഇതിൽ രണ്ട് പദ്ധതികൾ പൂർത്തിയായി. ബാക്കിയുള്ള 12 പദ്ധതികൾ പുരോഗമിച്ചു വരുന്നു. പൂർത്തിയായ രണ്ട് പദ്ധതികളുടെയും കൂടിയുള്ള നിക്ഷേപം ഏകദേശം 209 കോടി രൂപയാണ്. |

വ്യവസായ സംരംഭങ്ങളുടെ അഭിവൃദ്ധിക്കായി വ്യവസായ വാണിജ്യ വകുപ്പ് സംസ്ഥാനത്തെ എസ്.എം.ഇ. കൾക്കായി കേരള ബിസിനസ് ടു ബിസിനസ് മീറ്റ് 2015 ഫെബ്രുവരി 26 മുതൽ 28 വരെ കൊച്ചിയിൽ വച്ച് നടത്തിയിരുന്നു.

2016 ലെ ബിസിനസ് ടു ബിസിനസ് മീറ്റ് ഫെബ്രുവരി 4 മുതൽ 6 വരെ കൊച്ചിയിൽ വച്ച് സംഘടിപ്പിച്ചു. ഈ രണ്ട് മീറ്റുകളിലും കേരളത്തിലെ വിവിധ ജില്ലകളിൽ നിന്നുമുള്ള ഭക്ഷ്യസംസ്ക്കരണം, കൈത്തറി, ടെക്സ്റ്റയിൽസ് & ഗാർമെന്റ്സ്, റബ്ബർ, മരവ്യവസായങ്ങൾ, ആയുർവേദ & ഹെർബൽ, ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ്, കരകൗശലം, പരമ്പരാഗത മേഖലയിൽ നിന്നുള്ളവ അടക്കം 350 ഓളം ചെറുകിട ഉൽപ്പാദകർ അവരുടെ ഉൽപ്പന്നങ്ങളും സാങ്കേതിക വിദ്യയും പ്രദർശിപ്പിച്ചു.

(സി) എത്ര പദ്ധതികൾക്ക് എം.ഒ.യു. ഒപ്പിട്ടിട്ടുണ്ട് ; ഇവയുടെ പ്രവർത്തനം ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ ?

(സി) എമർജിങ്ങ് കേരള നിക്ഷേപ സംഗമത്തിൽ താഴെപ്പറയുന്ന രണ്ടു പദ്ധതികൾക്ക് ധാരണാപത്രം ഒപ്പു വച്ചു.

1. Capacity Expansion of Refinery Plant and setting up of petrochemical plant at Kochi by BPCL between BPCL and Govt. of Kerala
2. To implement Advanced Diploma course in Automotive Mechatronics (ADAM) Course at Govt. Engineering College, Barton Hill, Trivandrum - between Mercedez Benz and Higher Education Dept., Govt. of Kerala

മുകളിൽ പറഞ്ഞ പദ്ധതികളിൽ 12000 കോടി രൂപ നിക്ഷേപം പ്രതീക്ഷിക്കുന്ന ബി.പി.സി.എൽ പദ്ധതിയുടെ നിർമാണ പ്രവർത്തനങ്ങൾ പുരോഗമിച്ച് വരുന്നു.

കൂടാതെ, കേരള സർക്കാരിന്റെ ഉന്നത വിദ്യാഭ്യാസ വകുപ്പുമായി സംയോജിച്ച് നടത്തുന്ന ആട്ടോമോട്ടിവ് മെക്കാട്രോണിക്സ് പരിശീലന പദ്ധതിയും ആരംഭിച്ചു.

സെക്ഷൻ ഓഫീസർ

# അനുബന്ധം

## കെ.എസ്.ഐ.ഡി.സി.

- കേരളത്തിലെ നിക്ഷേപ സാധ്യതകളെ ഉയർത്തിക്കാട്ടുന്നതിന് എമർജിങ്ങ് കേരള സംഘടിപ്പിച്ചു.
- വ്യാവസായിക വികസനം ത്വരിതപ്പെടുത്തുന്നതിനായി സർക്കാർ ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ കൗൺസിൽ, ഇൻവെസ്റ്റ്മെന്റ് ക്ലീയറൻസ് ബോർഡ്, ഇൻവെസ്റ്റ്റ്മെന്റ് പ്രമോഷൻ ബോർഡ് എന്നിവ രൂപീരിച്ചു.
- വൻകിട വ്യവസായം തുടങ്ങുന്നതിനുള്ള ഭൂമിയും, ധനവായ്പയും, വിവിധ വകുപ്പുകളിൽ നിന്നുള്ള ക്ലീയറൻസുകളും ലഭ്യമാക്കി വരുന്നു.
- വനിതാസംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി വി മിഷൻ കേരളയ്ക്ക് രൂപം കൊടുത്തു.
- കൊച്ചിയിൽ വനിതസംരംഭകത്വ സമ്മേളനം (WE Summit 2015, WE CAN - Women Entrepreneurs Collaborating and Networking) സംഘടിപ്പിച്ചു.
- യുവ സംരംഭക സംഗമം 2014 (YES) സംഘടിപ്പിച്ചു.
- യെസ് ക്യാൻ 2015 സംഗമം യുവസംരംഭകർക്കായി സംഘടിപ്പിച്ചിച്ചു.
- ചേർത്തല വ്യവസായ പാർക്കിൽ 130 കോടി രൂപ ചെലവിട്ട് മെഗാ ഫുഡ് പാർക്ക് സ്ഥാപിക്കുന്നതിന് നടപടി.
- കണ്ണൂർ വ്യവസായ പാർക്കിൽ 13 കോടി രൂപ ചെലവിൽ 110 കെ.വി സബ്സ്റ്റേഷൻ.
- കോഴിക്കോട് വ്യവസായ പാർക്കിൽ 14 കോടി രൂപ ചെലവിൽ എസ്.ഡി.എഫ് ബിൽഡിങ്ങ്, 6.00 കോടി രൂപ ചെലവവിൽ 110 കെ.വി സബ്സ്റ്റേഷൻ.
- പാലക്കാട് വ്യവസായ പാർക്കിൽ 14.5 കോടി രൂപ ചെലവിട്ട് എസ്.ഡി.എഫ് ബിൽഡിങ്ങ്.
- തിരുവനന്തപുരം ലൈഫ് സയൻസ് പാർക്കിൽ 13.00 കോടിയോളം രുപ ചെലവിൽ റോഡ്, ജലസംഭരണി എന്നിവ.

## കിൻഫ്ര

- ജലം, വൈദ്യുതി, വികസിപ്പിച്ച പ്ലോട്ടുകൾ എന്നിവ തയ്യാറാക്കി സംരംഭകർക്ക് നൽകുന്നു.
- ഏകജാലക സംവിധാനം വഴി വ്യവസായം സ്ഥാപിക്കുന്നതിന് സംരംഭകർക്ക് അനുമതികൾ നൽകുന്നു.

## വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്

## I. ചെറുകിട വ്യവസായങ്ങൾ

- സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭക മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം.
- നിലവിലുള്ള ഡെവലപ്മെന്റ് പ്ലോട്ട് / പ്രദേശങ്ങളിലെ പശ്ചാത്തല സൗകര്യ വികസനം
- നിലവിലുള്ള പൊതു സൗകര്യസേവന കേന്ദ്രങ്ങളുടെ നവീകരണം
- വ്യവസായ പാർക്കുകൾക്കായി സ്ഥലം എടുക്കൽ
- വൈദഗ്ദ്ധ്യ വികസന പരിപാടി
- സംരംഭകർക്കു പരിശീലനം
- നിർവ്വഹണോദ്യോഗസ്ഥർക്കുള്ള പരിശീലനം
- സംരംഭകത്വ സഹായ പദ്ധതി
- ചെറുകിട വ്യവസായ ക്ലസ്റ്റർ വികസന പരിപാടി (20% സംസ്ഥാന വിഹിതം)
- നിലവിലുള്ള ഡെവലപ്മെന്റ് പ്ലോട്ട് / പ്രദേശങ്ങളുടെ നവീകരണം
- ബഹുനില വ്യവസായ എസ്റ്റേറ്റുകളുടെ നിർമ്മാണം
- സെൻസസിനു വേണ്ടി ന്യൂക്ലിയസ് സെൽ
- എൻ.സി.എച്ച്.സി മുഖാന്തരം ഭക്ഷ്യ സുരക്ഷ സംവിധാനം, പുതിയ വ്യാപാര വികസന കേന്ദ്രങ്ങൾ, പുതിയ പദ്ധതികൾ.
- യുവ സംരഭകർക്ക് ധനസഹായം
- പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് സ്റ്റാർട്ടപ്പ് സബ്സിഡി

## II. വാണിജ്യം

### വാണിജ്യ വികസനം

- മേഖലയുടെ വികസനത്തിനായി വിശദമായ പഠനങ്ങൾ നടത്തുക.
- വാണിജ്യ മേഖലയുടെ വളർച്ചയ്ക്ക് അനുയോജ്യമായ തരത്തിൽ ഗവേഷണ പഠനം തുടങ്ങുക;
- അടിസ്ഥാന സൗകര്യങ്ങളുടെ പോരായ്മകൾ കണ്ടെത്തുക, അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനായി പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കുക;
- സുസ്ഥിരമായ വാണിജ്യ വികസനത്തിനാവശ്യമായ ഒരു ദീർഘകാല നയരേഖ രൂപപ്പെടുത്തുക.
- പുറത്തുള്ള വിപണികണ്ടെത്തുന്നതിനായി പരിപാടികൾ സംഘടിപ്പിക്കുക.
- ദേശീയ - അന്തർദേശീയ ട്രേഡ് ഫെയർ എക്സിബിഷൻ എന്നിവയിൽ പങ്കെടുക്കുക.

- ദേശീയ - അന്തർദേശീയ ട്രേഡ് ഫെയർ, എക്സിബിഷൻ എന്നിവ സംഘടിപ്പിക്കുക.
- മികച്ച കയറ്റുമതിക്കാർക്ക് ആനുകൂല്യങ്ങൾ നൽകുക.
- സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളിലെ ഉത്പന്നങ്ങൾ വാണിജ്യവൽക്കരിക്കുക.
- വ്യാപാരമേളകൾ (B2B) സംഘടിപ്പിക്കുക.

## III. കരകൗശല വ്യവസായങ്ങൾ

- കരകൗശല മേഖലയിലെ അപ്പെക്സ് സ്ഥാപനങ്ങൾക്കുള്ള ധനസഹായം
- കരകൗശല മേഖലയിലെ പൊതു സൗകര്യ കേന്ദ്രങ്ങൾ
- കരകൗശല തൊഴിലാളിക്ക് സഹായം
- പരമ്പരാഗത മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ
- മുള വ്യവസായ വികസനം

**ഈ പദ്ധതിയിൽ ഉൾപ്പെടുന്ന മറ്റ് പരിപാടികൾ താഴെപ്പറയുന്നവയാണ്**

- മുള-സംഗീതം, കല എന്നിവയുടെ പ്രോത്സാഹനം, സംസ്ഥാനത്തിനകത്തുള്ള മറ്റ് പ്രോത്സാഹന പരിപാടികൾ
- അന്താരാഷ്ട്ര പങ്കാളിത്തത്തോടെ "കേരള ബാംബൂ ഫെസ്റ്റ്"
- പട്ടികജാതി / പട്ടികവർഗ്ഗത്തിൽ നിന്ന് 100 പേർ ഉൾപ്പെടെ, 200 കലാകാരൻമാർക്ക് ട്രെയിനിങ് സംഘടിപ്പിക്കുക
- മുന്തിയ ഡിസൈനിലുള്ള ഉപഹാരം വികസിപ്പിക്കുക, വർക്ക് ഷോപ്പുകൾ സംഘടിപ്പിക്കുക, ഉത്പന്നങ്ങളുടെ പട്ടിക നിർമ്മിക്കുക, ഉത്പന്നങ്ങളുടെ വിവരണപട്ടിക തയ്യാറാക്കുക, മാനുവൽ തയ്യാറാക്കുക
- മുള നാരിന്റെ ഉപയോഗം സംബന്ധിച്ച പഠനം നടത്തുക, ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുക
- മുളയിൽ നിന്നും സംഗീത ഉപകരണങ്ങൾ വികസിപ്പിച്ചെടുക്കുക

സെക്ഷൻ ഓഫീസർ